
മ
H
A
Q
ച
ക്ക
നക്ഷത്രചിന്തുകൾ


ABHISHEK SHAIL



2018-19 വർഷത്തിലെ  ലിറ്റിൽകൈറ്റ്സിന്റെ ആദ്യ സംരംഭമായ
"നക്ഷത്രചിന്തുകൾ"ക്ക് എന്റെ എല്ലാ ഭാവുകങ്ങളും നേരുന്നു

സ്നേഹപൂർവ്വം

ഹെഡ്മാസ്റ്റർ





# സമർപ്പണം

"അകാലത്തിൽ പൊലിഞ്ഞു പോയ പ്രിയഗുരുവിനു മുന്നിൽ ഞങ്ങളുടെ ആദ്യ സംരംഭം സമർപ്പിക്കുന്നു"

# എഡിറ്റോറിയൽ ബോർഡ്


എഡിറ്റർ ശ്രീശങ്കർ.എസ്സ്.ആർ

സബ്എഡിറ്റർ കാർത്തിക്.എസ്സ്.സജയ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

വിഷ്ണു.എസ്സ്

ഹരിനന്ദ്.പി.വി

ധൻരാജ്.എം

രാഹുൽ കൃഷ്ണ

ആകാശ്


RRVBVHSS
KILIMANOOR
രാജാ രവി വർമ്മ ബോയ്സ് വി.എച്ച്.എസ്സ്.എസ്സ്
കിളിമാനൂർ
ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ

# ഉള്ളടക്കം

പാരിജാതപ്പൂവിനോട് - കവിത
എന്റെ കേരളം -കവിത
അച്ഛന്റെ മകൻ- കഥ
ഓട്ടോറിക്ഷക്കാരന്റെ ഭാര്യ- വായനാനുഭവം
കിഴക്കിന്റെ വെനീസിലേക്ക്-യാത്രാവിവരണം
ജീവിതയാത്രാ-കവിത
മുയലുകളും മുള്ളൻപന്നിയും-കഥ
പാവയ്ക്ക-നാടൻപ്പാട്ട്
പ്രളയമഴ-കവിത
പൂമ്പാറ്റ-കവിത
കോഴിക്കുഞ്ഞ്-കവിത
കർമ്മവും കർമ്മഫലവും-കഥ
പ്രധാന ദിനാചരങ്ങൾ-അറിവ്
വാഹനങ്ങൾ-കവിത
സൗഹൃദം-കഥ
ഇന്ത്യൻ ദേശീയ മുദ്രകൾ-അറിവ്
മൈതാനം-കവിത
വൃദ്ധന്റെ മനസ്സ്-കഥ
മഴയും മുത്തശ്ശിയും-കഥ
മൊഴിമുത്തുകൾ

കവിത

# പാരിജാതപ്പൂവിനോട്...

പാരിജാതപ്പൂവേ നിന്നോടെനിക്കൊരു-
പരാതി ചൊല്ലുവാൻ ഉണ്ടുവല്ലോ.
പാതിരാവിൽ നിന്റെ സ്നേഹം തുളുമ്പുന്ന,
പരിമളം പരത്തുന്നതാർക്കുവേണ്ടി?
പാതിരാവിൽ നിന്റെ ചാരത്തെത്താനായി,
മോഹിക്കുന്നു കൂട്ടുകാരി ഞാനും.
വഴുതി ഞാനുറക്കത്തിൽ പാതിരാത്രി നിന്റെ,
ആനനം കാണാൻ കഴിവതില്ല.
നേരം വെളുത്താൽ നേരമില്ല നിന്റെ,
പാൽച്ചുണ്ടിൽ ഉമ്മവച്ചീട്ടുവാൻ.
ചുറ്റും പ്രകാശിക്കും നിന്നുടെ ശോഭയാൽ,
മറ്റു ചെടികൾ കൊതിച്ചീടവേ.
പാറി നടക്കും പൂമ്പാറ്റക്കും
മോഹം നിന്നെ ചുംബിക്കാൻ,
കാന്തിയേറും നിന്റെ മേനിയിൽ ചുംബിക്കാ-
നെത്തുന്നതോ നിശാശലഭങ്ങളും....




കാർത്തിക് .എസ്സ്.സജയ്
9 എ

കവിത

# എന്റെ കേരളം

കേരളം....കേരളം.......
ഞാൻ ജനിച്ച കേരളം....
എന്റെ അഭിമാന നാട് കേരളം....
ഞാൻ ജനിച്ച കേരളം,
പ്രകൃതിഭംഗി നിറഞ്ഞൊരു നാട്,
എന്റെ നാട് കേരളം...
പഴങ്ങൾ കായ്ക്കും കേരളം....
കേരളം...ആ...കേരളം..
നെല്ല് കൊയ്യും നാടിത്.
പറവകൾക്കും ജീവികൾക്കും,
ജീവ നാട് കേരളം.
എന്റെ നാട് കേരളം...എന്റെ നാട് കേരളം...

ധൻരാജ്.എം



കഥ

# അച്ഛന്റെ മകൻ

തെക്കേക്കര ജോണിയുടെ ഒരേ ഒരു മകനാണ് കണ്ണൻ.ജോണി ഇപ്പോൾ തന്റെ രാജ്യത്തിന് വേണ്ടി തോക്കും ചൂണ്ടി മഞ്ഞിൽ അങ്ങോട്ടുമിങ്ങോട്ടും ഓടി നടക്കുകയാണ്.


അച്ഛൻ ചെയ്യുന്ന ത്യാഗത്തിന്റെ വിലയറിയാതെ കണ്ണൻ വരമ്പിന്റെ അറ്റത്തുകൂടി ഓടുകയാണ്.പിന്നാലെ അമ്മയും വിളിച്ചുകൊണ്ട് ഓടുകയാണ്"കണ്ണാ...ഓടരുത് വീഴും" തന്റെ അമ്മയുടെ ആജ്ഞപ്രകാരം അവൻ അവിടെ നിന്നു.മെല്ലെ തിരിഞ്ഞുകൊണ്ട് അവൻ അമ്മയോട് ചോദിച്ച "എന്തിനാ എന്നോട് നിൽക്കാൻ പറഞ്ഞത്".

"ഇന്ന് അച്ഛൻ വരുന്ന ദിവസമാണ് നമുക്ക് പുത്തൻ കുപ്പായമിട്ട് അച്ഛനെ വിളിക്കാൻ പോകണ്ടേ!".ഇത്രയും കേട്ടപ്പോൾ തന്നെ കണ്ണന്റെ മനസ്സ് നിറഞ്ഞു.അവൻ സന്തോഷത്തോടെ വീട്ടിലേക്കു മടങ്ങി.വീട്ടിലെത്തിയ കണ്ണനും അമ്മയും വൈകാതെ തന്നെ വീട്ടിൽ നിന്ന് ഇറങ്ങി .സന്ധ്യയാകുന്നതിനു മുൻപ് തന്നെ അവർ അച്ഛനേയും കൂട്ടി വീട്ടിലെത്തി.വീട്ടിലെത്തിയ കണ്ണന്റെ അച്ഛൻ ഇപ്പോഴും പഴയ ശീലങ്ങൾമറന്നിട്ടില്ല. നാട്ടിലുള്ളപ്പോഴൊക്കെ തന്റെ പറമ്പിൽ ഉള്ള കുളത്തിൽ

നിന്നാണ് കുളിക്കാറുള്ളത് ഇപ്പോഴും അങ്ങനെതന്നെ.

ധനേഷ് ധരൻ

8



കുളിച്ചുകയറിയ ജോണി നേരെ തീൻമേശയുടെ അടുത്തേക്ക് നടന്നു.ആഹാരം കഴിച്ചതിനു ശേഷം ജോണിയും അമ്മയും കണ്ണനും കിടക്കയിലേക്കു ചാഞ്ഞു.അമ്മ ഉറങ്ങിയ തക്കം നോക്കി കണ്ണൻ അച്ഛനോട് ചോദിച്ച "അച്ഛാ.. എനിക്കൊരു സൈക്കിൾ വാങ്ങി തരുമോ? ".കണ്ണനെ വിഷമിപ്പിക്കാതെ ജോണി മറുപടി നൽകി "ഞാൻ നിനക്ക് വാങ്ങിത്തരാം".അതു കേട്ടതും കണ്ണന്റെ മനസ്സ് നിറഞ്ഞു.നേരം വെളുത്തു.കണ്ണൻ മുറിയിൽ നിന്ന് ഇറങ്ങിയതും അടുക്കളയുടെ അടുത്ത് ഒരു ബഹളം കേട്ടു.അൽപ്പം വൈകാതെ തന്നെ അവൻ ആ സത്യം അറിഞ്ഞു അമ്മാമ്മയ്ക്ക് തീരെ സുഖമില്ല. അതുകൊണ്ട് കുറച്ച് പൈസച്ചിലവുണ്ട് ആ കാരണത്താൽ കണ്ണനു സൈക്കിൾ വാങ്ങുന്ന പദ്ധതിയിൽ നിന്ന് ജോണി വഴുതിമാറി.അതു കേട്ടതും സ്നേഹം നിറഞ്ഞ കണ്ണന്റെ മനസ്സിൽ അച്ഛനോടുള്ള പകകൾ മാത്രമായി.
ആ പക തീരാതെ കണ്ണന്റെ 15-ാം വയസ്സുവരേയും അവൻ അത് നെഞ്ചിലേറ്റി നടന്നു.

ധനേഷ് ധരൻ

# ഓട്ടോറിക്ഷക്കാരന്റെ ഭാര്യ

'മയ്യെഴിയുടെ കഥാകാര'നായ ശ്രീ എം.മകുന്ദന്റെ വളരെ വ്യത്യസ്ഥമായൊരു കഥാസമാഹാരമാണ് 'ഓട്ടോറിക്ഷക്കാരന്റെ ഭാര്യ '.ആഴ്ചപ്പതിപ്പുകളിലൂടെ പ്രസിദ്ധീകരിക്കപ്പെട്ട ഏഴ് വ്യത്യസ്ഥ കഥകളാണ് ഇതിനുള്ളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

സമകാലിക സമൂഹത്തിന്റെ ഗതിവിഗതികളെ സൂക്ഷ്മമായി അടയാളപ്പെടുത്തുന്ന കഥകളാണ് ഇവയെല്ലാം. ഏറെ ചർച്ചചെയ്യപ്പെട്ട ഈ കഥകൾക്ക് ലളിതമായ ആഖ്യാനത്തിലൂടെ ,സൂക്ഷ്മമായ രാഷ്ട്രീയ ഇടപെടലുകൾ നടത്താൻ കഴിയുന്നു. അതു തന്നെയാണ് എന്നെ ഇതിലേക്ക് ആകർഷിച്ചതും .

'ഓട്ടോറിക്ഷക്കാരന്റെ ഭാര്യ, അച്ചൻ , അമ്മമ്മ , രക്ഷിതാക്കൾ , മലയാളി ദൈവങ്ങൾ ,ചാർളി സായ്‌വ് ,സന്ത്രാസം - തുടങ്ങിയ ഏഴ് കഥകളും സ്വതസിദ്ധമായ ആഖ്യാന ശൈലിയിലൂടെ ഫ്രഞ്ചിന്റെ പൊടിയുമിടകലർത്തി ജീവിതത്തിന്റെ ഏടുകൾ തുന്നിച്ചേർത്ത് അവയെ സർഗ്ഗചിന്തയുമായി കൂട്ടിക്കലർത്തി എം. മുകുന്ദൻ പാകം ചെയ്തവയാണ്.

ഇത്തരത്തിൽ ആഖ്യാന ശൈലിയിലെ വ്യത്യാസവും കാഴ്ച്ചപ്പാടിലെ വ്യത്യാസവും ലളിതവും, എന്നാൽ ചിന്തിപ്പിക്കുന്നതുമായ കഥകളുടെ കാമ്പും മറ്റു കൃതികളിൽ നിന്ന് ഇതിനെ വേറിട്ട് നിർത്തുന്നു. അതിനാൽ തന്നെ വ്യത്യസ്ഥമായൊരു വായനാനുഭവം സമ്മാനിക്കാൻ 'മയ്യെഴിയുടെ കഥാകാര'നാകുന്നു.

കാർത്തിക് .എസ്സ്.സജയ്

9 എ



**യാത്രാവിവണം**

# കിഴക്കിന്റെ വെനീസിലേക്ക്....

പതിവുപോലെ ട്യൂഷൻ ക്ലാസ്സിലെ ബെല്ല് മുഴങ്ങി. “ വേഗം റെഡിയാക്,"എന്ന് അച്ഛൻ പറഞ്ഞപ്പോൾ ആർക്കും ഒന്നും മനസിലായില്ല.റെഡിയായി പുറത്തിറങ്ങിയശേഷം അമ്മ പറയുന്നതു കേട്ട് ഞാൻ ഞെട്ടിപ്പോയി.നമ്മൾ ആലപ്പുഴയിൽ പോകുകയാണ്.അതോടെ എന്റെ മനസിലേക്ക് കുട്ടനാടിന്റെ ഗ്രാമ ഭംഗി കടന്നുവന്നു . വയലും കായലും നിറഞ്ഞ കുട്ടനാട്, പുസ്തകങ്ങളിലും സിനിമയിലും കണ്ട കുട്ടനാട്,എന്റെ മനസ്സ് വിചാരങ്ങൾ കൊണ്ട് നിറഞ്ഞു.ആറ്റിങ്ങലിൽ നിന്നാണ് ബസ്സ് കയറിയത്. ബസ്സിനുള്ളിൽ എനിക്ക് ധാരാളം സുഹൃത്തുക്കൾ ലഭിച്ചു.അച്ഛൻ പോകുന്ന വഴികളിലെ ഓരോ സ്ഥലങ്ങളെ കുറിച്ച് പറഞ്ഞുകൊണ്ടിരുന്നു. ആലപ്പുഴ ബസ്സ് സ്റ്റേഷൻ എത്തിയതോടെ കൈയ്യിൽ കരുതിയിരുന്ന ഭക്ഷണം കഴിച്ചു.ഞങ്ങൾ താമസിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന ഹോം സ്റ്റേയിലേക്ക് പോകാനായി ഓട്ടോ പിടിച്ചു. ഹോം സ്റ്റേ വളരെ മനോഹരമായിരുന്നു.ചേർന്നു കിടക്കുന്ന റെയ്ൽവേ സ്റ്റേഷനും വിശാലമായ ആലപ്പുഴ ബീച്ചും അതിന്റെ മനോഹാരിത ഇരട്ടിച്ചു. റൂമിൽ കയറി ഫ്രഷ് ആയി ബീച്ചിലേക്ക് പോയി .നാല് മണിക്കൂറോളം അവിടെ ചിലവിട്ട ശേഷം റൂമിലേക്ക് തിരിച്ചുപോയി.അടുത്ത ദിവസം ബോട്ടിംഗാണ് പ്ലാൻ.

പിറ്റേദിവസം ബോട്ടിംഗ് സ്ഥലത്തിലെത്തി.ഹൗസ് ബോട്ടിന് ശ്രമിച്ചെങ്കിലും ലഭിച്ചില്ല. പകരം 'ശിക്കാര' എന്ന് പറയുന്ന നീണ്ട ചുണ്ടൻ വള്ളമാണ് ലഭിച്ചത്. ഒരു കണക്കിന് അത് നല്ലതായിരുന്നു, കുട്ടനാടിന്റെ ഉൾവഴികളിലൂടെ സഞ്ചരിക്കാൻ അത് സഹായകമായി. ജലത്തോടിണങ്ങിച്ചേർന്ന കുട്ടനാടൻ ജനതയുടെ ജീവിത രീതികൾ മനസിലാക്കാൻ ആ യാത്രയിലൂടെ കഴിഞ്ഞു. ബോട്ട് ഡ്രൈവറുടെ നിർദ്ദേശപ്രകാരം കായലോരത്തുള്ള ഒരു ഹോട്ടലിൽ ഭക്ഷണം കഴിക്കാനിറങ്ങി. കുട്ടനാടിന്റെ സ്പെഷ്യൽ കരിമീൻ പൊള്ളിച്ചതും ഊണും ഓഡർ ചെയ്തു . ഭക്ഷണത്തിനൊപ്പം എന്നെ ആകർഷിച്ചത് വർഷങ്ങളായി പറന്ന് പോകാതിരിക്കുന്ന പരുന്താണ്. അതിന്റെ ഒട്ടനവധി ചിത്രങ്ങൾ ഞങ്ങൾ എടുത്തു. തുടർന്ന് ബോട്ടിൽ കയറി യാത്ര തുടർന്നു. യാത്രയിലുടനീളം എന്നെ അദ്ഭുതപ്പെടുത്തിയത് അവിടുത്തെ വാസസ്ഥലങ്ങളാണ്. പച്ചത്തുരുത്തുകളും പല സിനിമകൾക്കും വേദിയായ സ്ഥലങ്ങളും, എന്നിൽ കൗതുകമുണർത്തി.ഓരോ സ്ഥലങ്ങളും ഒരു ചലച്ചിത്രത്തിലിന്ന പോലെ എനിക്ക് അനുഭപ്പെട്ടു. വിവാദ സ്ഥലങ്ങളും വിനോദ സ്ഥലവും കാണാനിടയായി. കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കി മാറ്റിയതിൽ ആലപ്പുഴക്ക്, കുട്ടനാടിന് പ്രധാന പങ്കുണ്ടെന്ന് ആ യാത്രയിൽ എനിക്ക് മനസിലായി. നിറഞ്ഞ എന്റെ മനസുമായി ബോട്ട് കരയ്ക്കടുത്തു.

കണ്ണും മനസും,കാഴ്ചയുടെയും സന്തോഷത്തിന്റെയും വസന്തത്താൽ നിറഞ്ഞ് കൊണ്ട് ഞങ്ങൾ കേരളത്തിന്റെ നെല്ലറയോട് വിടപറഞ്ഞു. ഇത്തരത്തിൽ ഒരു വേറിട്ടതും മനോഹരവുമായ അനുഭവം നൽകിയ ഈ നാടിനോട്,
കുട്ടനാടിനോട്, ആലപ്പുഴയോട് , പ്രകൃതിയോട് , ഭൂമിയോട് എത്ര നന്ദി പറഞ്ഞാലാണ് മതിയാകുക..........


**കേശവ്. എസ്സ്. സജയ്**

**8 എ**



## മികവുകൾ സംസ്ഥാന തലത്തിലേക്ക്....





സമീൽ

ഫുഡ് ആന്റ് ന്യൂട്രിഷൻ

മുഹമ്മദ് മുഹിസിൻ

ചവിട്ടിമെത്ത നിർമ്മാണം





വിശാൽ-കബഡി സ്റ്റേറ്റ്

മുഹമ്മദ്അലി-വോളിബോൾ



# പഞ്ചവാദ്യം



അഭിനന്ദ്

-കഥകളി സംഗീതം



അച്ചുത്

-ചാക്യാർകൂത്ത്



അതുൽ കാർത്തിക്

-ഓട്ടൻ തുള്ളൽ




മുസ്സമ്പിൽ ഖാൻ

സബ് ജൂനിയർ ചാമ്പ്യൻ



അനീഷ്.യു

ജൂനിയർ ചാമ്പ്യൻ



കവിത

# ജീവിത യാത്ര



വിജനമീയാത്ര  എത്രയും ദുഃഖം
എന്റെ മനസ്സിൽ വിങ്ങുന്ന ഒപ്പം

എകാന്തത എന്ന കൂരിരുട്ട് എന്നും
എന്റെ മനസ്സിൽ ഇരുട്ടായി മാറുന്നു.

എന്നും എന്നോടൊപ്പം അവരുണ്ടായിരുന്നെങ്കിൻ
സന്തോഷം തുളുമ്പും ഒരു പ്രളയമായിമാരിട്ടും
ആ പ്രളയത്തിൻ എൻൻ മനം കരകയറില്ല

കൂട്ടത്തിൽ നിന്ന് അകന്നു പിരിയുന്ന ഒരു
കുഞ്ഞു തുമ്പിയായി മാറിട്ടും ഞാൻ

മറ്റുള്ളഇമ്പമൊക്കെ കുടുബമായി മാറുമ്പോൾ
എൻ ഇമ്പം വിതുമ്പുണ്ടിപ്പോഴും

കാലം മൊക്കെയും കോലം കെടുമ്പോൾ
കാള വണ്ടി പോൽവ  കോച്ചുന്നതി എൻമനം

വരും കാലം എന്നെ കാലൻ വിളിക്കുമ്പോൾ
തിരിയുമോ കൂട്ടുകാരിയും.

-കേശവ്.എസ്സ്.സജയ്
8.എ

കഥ

# മുയലുകളും മുള്ളൻപന്നികളും


പണ്ട് പണ്ടൊരു കാട്ടിൽ കുറേ മുയലുകളും ഒരു മുള്ളൻപന്നിയും ഉണ്ടായിരുന്നു.മുയലുകളുടെ സുഹൃത്തായിരുന്നു മുള്ളൻപന്നി.ഈ മുയലുകളെ ഒരോന്നായി തിന്നുന്ന ഒരു കുറുക്കൻ ഉണ്ടായിരുന്നു. അത് ഒരു ക്രൂരനായ കുറുക്കനാണ്.ഒരു ദിവസം കാട്ടിൽ പഴങ്ങൾ ശേഖരിക്കാൻ പോയ മുയലുകളെ ആ കുറുക്കൻ പിടിച്ചു കണ്ടുപോയി,പിന്നെ കളിച്ചുകൊണ്ടുനിന്ന മുയൽ കുഞ്ഞുങ്ങളേയും ആ കുറുക്കൻ പിടിച്ചുകൊണ്ടുപോയി. അങ്ങനെ ആ മുയലുകൾ സങ്കടത്തിലായി.അവർക്ക് എന്തു ചെയ്യണം എന്ന് അറിഞ്ഞുക്കൂട അങ്ങനെ ആ മുയലുകൾ മുള്ളൻപന്നിയുടെ സഹായം തേടി. അങ്ങനെ ഒരു ദിവസം കുറുക്കൻ കുഞ്ഞുങ്ങളെ പിടിക്കാൻ വരുന്നത് മുള്ളൻപന്നി കണ്ടു.ആ കുഞ്ഞുങ്ങളുടെ കൂടെ ആ മുള്ളൻപന്നി നിന്നു.അങ്ങനെ ആ കുറുക്കൻ മുയലെ  വിചാരിച്ച് പിടിച്ചത് മുള്ളൻപന്നിയെ ആയിപ്പോയി.കുറുക്കന്റെ കൈ മുഴുവൻ മുള്ളായി. കുറുക്കൻ നിലവിളിച്ച് ഓടിപ്പോയി.പിന്നെ ആ കുറുക്കനെ അങ്ങോട്ട് കണ്ടിട്ടേയില്ല.മുയലുകൾ മുള്ളൻപന്നിയോട് നന്ദി പറഞ്ഞു.

സൂര്യൻ.സി.രാജ്

നാടൻപ്പാട്ട്

## പാവയ്ക്ക

ഒന്നാം നാട്ടിൽ ചെന്നപ്പോൾ
ഒന്നര വട്ടി പാവയ്ക്ക
രണ്ടാം നാട്ടിൽ ചെന്നപ്പോൾ
രണ്ടര വട്ടി പാവയ്ക്ക
അമ്മ പറിക്കണോ
മോള് പറിക്കണോ
നല്ല ഒന്നാന്തരം പാവയ്ക്ക
അമ്മ ചെത്തണോ
മോള് ചെത്തണോ
ആരു ചെത്തിയാലും
ആരു പറിച്ചാലും
നല്ല ഒന്നാന്തരം പാവയ്ക്ക




മലയാളിയുടെ പരിണാമ
സിദ്ധാന്തം!

കവിത

# പ്രളയമഴ

മഴ മഴ മഴ മഴ പെരിയമഴ !
വല്ലാതെ പെയ്യുന്ന കടുത്ത മഴ
കാറ്റും കൂടി എത്തുമ്പോൾ
തകർത്തുപെയ്യും വലിയ മഴ
മൂടി പുതച്ച കിടന്നാലും
വല്ലാതെ തണുപ്പ് തരുന്ന മഴ
ഇടിയും മിന്നലുമായിട്ട്
പേടി പെടുത്തുന്ന മഴ



പിന്നെയും....

പിന്നെയും....

പിന്നെയും....

പിന്നെയും,

പെയ്യുന്നു പെയ്യുന്നു പ്രളയ മഴ.

ഹൃഷികേശ്.ആർ.എസ്സ്


കവിത

# പൂമ്പാറ്റ

പൂമ്പാറ്റേ...പൂമ്പാറ്റേ...
നിറയെ നിറങ്ങളുമേന്തി,
പാറി നടക്കും പൂമ്പാറ്റേ..
എവിടുന്നു കിട്ടി നിനക്കീ സുന്ദര
ചിറകുകൾ?
നിന്നെ കാണാൻ എന്തു ഭംഗി.
നിന്നുടെ നൃത്തം എന്തു രസം.
പൂക്കളിൽ നിന്ന് തേൻ കുടിക്കാൻ,
വരുമോ.... നീ ....വരുമോ....
മഴവിൽ പൊടിയാൽ നിർമിതമാണോ,
നിന്നുടെ പൂഞ്ചിറകുകൾ...
പറയൂ പൂമ്പാറ്റേ.. സുന്ദരി പൂമ്പാറ്റേ....



അസ്‌ലം
5 ബി



Abhishek shaji

കവിത

# കോഴിക്കുഞ്ഞ്

കിയോ..കിയോ..കോഴിക്കുഞ്ഞ്...
കുറുക്കന്റെ വീട്ടിലെ  കോഴിക്കുഞ്ഞ്...
കാണാനഴകുള്ള കോഴിക്കുഞ്ഞ്...
കുട്ടിക്കുറുമ്പുള്ള കോഴിക്കുഞ്ഞ്...
കുട്ടിക്കുറുക്കന്മാർ ഓരിയിടുമ്പോൾ,
കൊക്കരോ...കൂവും,കോഴിക്കുഞ്ഞ്...

അസ്ലം
5 ബി



കഥ

# കർമ്മവും കർമ്മഫലവും

ഒരു കർഷകനും മകനും യാത്ര നടത്തുകയായിരുന്നു.വഴിക്ക് ഒരു തോടുകടന്നു വേണം പോകേണ്ടത്.മകൻ മുന്നിലും അച്ഛൻ പിന്നിലുമായാണ് നടക്കുന്നത്.മറുകരയെത്തിയിട്ടും അച്ഛനെ കാണാതെ മകൻ തിരിഞ്ഞു നോക്കി.അപ്പോൾ അയാൾ തോട്ടിൽ വീണ് രക്ഷപ്പെടാൻ കഴിയാതെ വലയുന്ന ഒരു തേളിനെ നോക്കി നിൽക്കുകയായിരുന്നു.ആ 'പാവത്തിനെ' രക്ഷിക്കണമെന്ന് കർഷകന് തോന്നി.വെള്ളത്തിൽ നിന്ന് രക്ഷപ്പെട്ടയുടനെ തേൾ കർഷകന്റെ കൈവെള്ളയിൽ കുത്തി.കടുത്ത വേദനയോടെ അയാൾ വിഷമിക്കുന്നത് കണ്ടപ്പോൾ മകൻ പറഞ്ഞു, "തേൾ കുത്തുമെന്ന് അച്ഛന് അറിയില്ലേ? പിന്നെന്തിനാണ് അതിനെ രക്ഷിക്കാൻ പോയത്?" വേദന സഹിക്കാൻ വയ്യെങ്കിലും കർഷകൻ ചിരിച്ചു.എന്നിട്ട് ഇപ്രകാരം പറഞ്ഞു, "എന്റെ കർമ്മം ഞാൻ ചെയ്തു. തേളിന്റെ അതും ചെയ്തു. കർമ്മം ചെയ്യുക എന്നതാണ് പ്രധാനം. കർമ്മഫലം എന്താവുമെന്ന് നോക്കരുത്."

ഒരു ജീവിയെ മരണത്തിൽ നിന്ന് രക്ഷിക്കാനായതിന്റെ സന്തോഷത്തിൽ അയാൾ വേദന മറന്ന് നടന്നു നീങ്ങി

വിഷ്ണു.എസ്സ്
9 ഡി.

## പ്രധാന ദിനാചരണങ്ങൾ

ജനുവരി
ജനുവരി 9- പ്രവാസി ഭാരതീയ ദിനം
ജനുവരി 12-യുവജന ദിനം
ജനുവരി 15-കരസേനാദിനം
ജനുവരി 23-ദേശസ്നേഹദിനം
ജനുവരി 24-ബാലികദിനം
ജനുവരി 25-വിനോദസഞ്ചാര ദിനം
ജനുവരി 26-റിപ്പബ്ലിക് ദിനം
ജനുവരി 30-രക്തസാക്ഷി ദിനം , ലോക കുഷ്ഠരോഗദിനം
ഫെബ്രുവരി
ഫെബ്രുവരി 1-തീരസംരക്ഷണ ദിനം
ഫെബ്രുവരി 4-ലോക കാൻസർ ദിനം
ഫെബ്രുവരി 14- വാലന്റയിൻസ് ദിനം
ഫെബ്രുവരി 20-ലോക സാമൂഹിക നീതി ദിനം
ഫെബ്രുവരി 21-ലോക മാതൃദിനം
ഫെബ്രുവരി 24-സെൻട്രൽ എക്സൈസ് ദിനം
ഫെബ്രുവരി 28-ശാസ്ത്രദിനം

മാർച്ച്
മാർച്ച് 4-ദേശീയ സുരക്ഷാദിനം
മാർച്ച് 8-വനിതാ ദിനം ,ലോക വൃക്കദിനം
മാർച്ച് 16-ദേശീയ വാക്സിനേഷൻ ദിനം
മാർച്ച് 22-ശക വർഷത്തിലെ പുതുവത്സര ദിനം
മാർച്ച് 23-പുസ്തക പകർപ്പവകാശ ദിനം
മാർച്ച് 24-ലോക ക്ഷയരോഗ ദിനം
ഏപ്രിൽ
ഏപ്രിൽ 1-ലോക വിഡ്ഢി ദിനം
ഏപ്രിൽ 4-പനി ബോധവത്ക്കരണ ദിനം
ഏപ്രിൽ 5-സമത്വ ദിനം

ഏപ്രിൽ 7-ലോകാരോഗ്യ ദിനം
ഏപ്രിൽ 17-ഹീമോഫീലിയാ ദിനം
ഏപ്രിൽ 22-ഭൗമ ദിനം
ഏപ്രിൽ 23-പുസ്തക പകർപ്പവകാശ ദിനം
ഏപ്രിൽ 24-മാനവ ഏകതാ ദിനം
ഏപ്രിൽ 26-ബൗദ്ധക സ്വത്തു ദിനം
ഏപ്രിൽ 29-നൃത്ത ദിനം
മെയ്
മെയ് 1-തോഴിലാളി ദിനം
മെയ് 3-പത്ര സ്വാതന്ത്ര്യ ദിനം
മെയ് 4-അഗ്നിശമന സേന ദിനം
മെയ് 11-ദേശീയ സാങ്കേതിക വിദ്യാദിനം
മെയ് 12-നഴ്സസ് ദിനം
മെയ് 13-ദേശീയ ഐക്യർദ്ധ്യ ദിനം
മെയ് 15-അന്തർ ദേശീയ കുടുംബ ദിനം
മെയ് 17-ടെലി കമ്മ്യൂണിക്കേഷൻ ദിനം
മെയ് 21-വൈദ്യ ദിനം
മെയ് 29-എവറസ്റ്റ് ദിനം
മെയ് 31-ലോക പുകയില വിരുദ്ധ ദിനം

ജൂൺ
ജൂൺ 1-അന്താരാഷ്ട്ര ശിശു ദിനം
ജൂൺ 4-ആക്രമങ്ങൾക്കിരയാകുന്ന കുട്ടികൾക്കുള്ള ദിനം
ജൂൺ 5-പരിസ്ഥിതി ദിനം
ജൂൺ 12-ബാല വേല വിരുദ്ധ ദിനം
ജൂൺ 14-അന്തർ ജേശീയ രക്തദാന ജിനം
ജൂൺ 18-പിക്നിക് ജിനം
ജൂൺ 19-വായനാ ദിനം
ജൂൺ 20-ലോക അഭയാർത്ഥി ദിനം
ജൂൺ 21-സംഗീത ദിനം
ജൂൺ 23-യു.എൻ പബ്ലിക് സർവീസ് ദിനം,രാജ്യാന്തര
വിധവാ ദിനം

ജൂൺ 26-മയക്കു മരുന്ന് കടത്ത് വിരുദ്ധ ദിനം

ജൂലൈ
ജൂലൈ 1-ഡോക്ടേഴ്സ് ദിനം
ജൂലൈ 11-ജനസംഖ്യാ ദിനം
ജൂലൈ 26-കാർഗിൽ വിജയ ദിനം
ജൂലൈ 28-ലോക ഹെപ്പറ്റൈറ്റിസ് ബി നിർമാർജന ദിനം

ആഗസ്റ്റ്
ആഗസ്റ്റ് 1 മുതൽ 7 വരെ -ലോക മുലയൂട്ടൽ ദിനം
ആഗസ്റ്റ് 3-അന്തർ ദേശീയ ഹൃദയം മാറ്റി വയ്ക്കൽ ദിനം
ആഗസ്റ്റ് 6-ഹിരോഷിമാ ദിനം
ആഗസ്റ്റ് 9-ക്വിറ്റിന്ത്യാ ദിനം,നാഗസാക്കി ദിനം ജൂൺ 24-ലോക സ്ട്രോക് ദിനം
ആഗസ്റ്റ് 11-കാൻസർ വിമുക്തരുടെ ദേശീയ ദിനം
ആഗസ്റ്റ് 12-ലോക യുവജന ദിനം
ആഗസ്റ്റ് 15- ഇന്ത്യൻ സ്വാതന്ത്ര്യ ദിനം
ആഗസ്റ്റ് 20-അന്തർ ദേശിയ കൊതുക് ദിനം

സെപ്തംബർ
സെപ്തംബർ 5-ദേശീയ അധ്യാപിക ദിനം
സെപ്തംബർ 8-സാക്ഷരതാ ദിനം
സെപ്തംബർ 15-ജനാധിപത്യ ദിനം
സെപ്തംബർ 16-ഓസോൺ ദിനം
സെപ്തംബർ 26-ദേശീയ ബധിര ദിനം
സെപ്തംബർ 28-വിവരാവകാശ ദിനം
സെപ്തംബർ 29-ലോക ഹൃദയ ദിനം

ഒക്ടോബർ
ഒക്ടോബർ 1-അന്താരാഷ്ട്ര വയോജന ദിനം
ഒക്ടോബർ 2-അഹിംസാ ദിനം
ഒക്ടോബറിലെ ആദ്യ തിങ്കളാഴ്ച്ച പാർപ്പിട ദിനം

ഒക്ടോബർ 4-മൃഗക്ഷേമ ദിനം
ഒക്ടോബർ 5 -ലോക അധ്യാപക ദിനം
ഒക്ടോബർ  9-തപാൽ ദിനം
ഒക്ടോബർ 10-ലോക മാനസികാരോഗ്യ ദിനം
ഒക്ടോബർ  15-ഗ്രാമീണ വനികൾക്കുള്ള ദിനം
ഒക്ടോബർ  16-ലോക ഭക്ഷ്യ ദിനം
ഒക്ടോബർ 24-യു.എൻ ദിനം
ഒക്ടോബർ 24- ലോക പോളിയോ ദിനം

നവംബർ
നവംബർ 9-ലോക സ്വാതന്ത്ര്യ ദിനം
നവംബർ 10-ശാസ്ത്രദിനം
നവംബർ 11-ദേശീയ വിദ്യാഭ്യാസ ദിനം
നവംബർ 14-ശിശുദിനം
നവംബർ 20-ആഗോള ശിശു ദിനം
നവംബർ 21-ലോക ടെലിവിഷൻ ദിനം

ഡിസംബർ
ഡിസംബർ 1-ലോക എയ്ഡ്സ് ദിനം
ഡിസംബർ 2-അടിമത്തനിർമാർജന ദിനം
ഡിസംബർ 7-സിവിൽ വ്യോമസേനാ ദിനം
ഡിസംബർ 11-പർവ്വത ദിനം

ഡിസംബർ 9-അഴിമതി ദിനം


ബിജോ

8

കവിത

# വാഹനങ്ങൾ

ഉഷസൂര്യ കിരണങ്ങൾ,
വിഷം തീണ്ടി തന്നുടെ,
മഷി പോലെ ദേഹത്ത്,
വേഷമായങ്ങനെ.



അംഗണമൂലയിൽ,
അംഗപരിമിതൻ,
ഇരുചക്ര വാഹകൻ,
ഉന്തുവണ്ടി.

ഇരുകൈകളാൽ ഞാൻ,
മുറുകെ പിടിച്ചിട്ട്,
മുന്നോട്ട് നീങ്ങുക,
ഈ ദിനത്തിൽ,

കഷ്ടത തന്നുടെ,
ഇഷ്ടിക കൂട്ടങ്ങളേന്തി-
ഞാൻ മുന്നോട്ട് നീങ്ങുകയായ്.
ജീവിത പാതയിൽ ,
കഷടത തന്നുടെ,
എത്ര വാഹനങ്ങളുന്തിനീങ്ങി.....

കാർത്തിക് .എസ്സ് .സജയ്
9 എ

കഥ

# സൗഹൃദം

ഒരു ദിവസം ഒരു പട്ടി വഴിതെറ്റി ഒരു കാട്ടിൽ അകപ്പെട്ടു .അതിനുവിശകുകയായിരുന്നു.ആദ്യം അത് ഒരു മാവൻ സഹായിച്ചില്ല.പിന്നെ അവൻ ഒരു മുയലിന്റെ അടുത്തു പോയി മുയൽ അവന് ഭക്ഷണംകോടുത്തു.അങ്ങനനെ അവർകൂട്ടുകാരായി.അങ്ങനെ കുറെ ദിവസം കയിഞ്ഞു.ഒരു ദിവസം മുയൽ മൂളിപ്പാട്ടും പാടി നടന്നു വരുന്ന അപ്പോൾ ഒരു ചെന്നായയെകണ്ടു. അവൻ പേടിച്ചു. അവൻ ഒടാൻ തുടങ്ങി പട്ടി അവിടകൂടെ നടന്നു വരുകയായിരുന്നു പട്ടി മുയൽ ഒടുന്നതു കണ്ടു പട്ടിക് ഒരു ബുദദ്ധിതോന്നി അവൻ ഓടി ഒരു ഒടിയാറായ മരത്തിന്റെ മുകളിൽ കയറി ആ മരം ഒടിഞ്ഞ് വീണു അതു ചെന്നായുടെ തലയിൽ വിണു.ചെന്നായ മരിച്ചു.

-ആദിത്യൻ.പി.കെ



# ഇന്ത്യൻ ദേശീയതയുടെ മുഖമുദ്രകൾ

ദേശീയ ചിഹ്നം - അശോക സ്തംഭം

ദേശീയ പതാക – ത്രിവർണ്ണ പതാക

ദേശീയ ഗാനം - ജനഗണമന

ദേശീയ ഗീതം - വന്ദേമാതരം

ദേശീയ കലണ്ടർ - ശകവർഷ കലണ്ടർ

ദേശീയ പുഷ്പം - താമര

ദേശീയ മൃഗം - കടുവ

ദേശീയ പക്ഷി - മയിൽ

ദേശീയ ഭഷാ - ഹിന്ദി

ദേശീയ വൃക്ഷം - അരയാൽ

ദേശീയ കായിക വിനോദം - ഹോക്കി

ദേശീയ ഫലം - മാങ്ങ

ദേശീയ നദി - ഗംഗ

ദേശീയ കവി - രബിന്ദ്ര നാഥ് ടാഗോർ

ദേശീയ സ്മാരകം - ഇന്ത്യഗേറ്റ്

ദേശീയ നൃത്തം - ഭരതനാട്യം

ദേശീയ ജലജീവി - ഗംഗ ഡോൾഫിൻ

ദേശീയ മത്സ്യം - കിംഗ് മാക്കറൽ

ദേശീയ പൈതൃക മൃഗം - ആന

അസ്ലം
5 ബി

കവിത

# മൈതാനം

മാനം വലിയൊരു മൈതാനം,
മുകിലുകൾ മേയും മൈതാനം,
പകലോനെന്നും പതിവായി,
പന്തു കളിക്കും മൈതാനം.
ഇരവിൽ താരകൾ നെയ്ത്തിരികൾ,
നിരത്തി വയ്ക്കും മൈതാനം.
അമ്പിളി മാമന് ഓടിക്കളിക്കാൻ,
ചന്തം നിറഞ്ഞൊരു മൈതാനം.

കൃഷ്ണ കുമാർ
7.ബി



കഥ

# വൃദ്ധന്റെ മനസ്സ്

ജീവിക്കാനും താമസ്സിക്കാനും ഇടമില്ലാതെ ഒരു വൃദ്ധൻ കെയ്റോ നഗരത്തിൽ വന്നു.ആ വൃദ്ധന്റെ മനസ്സ് നല്ലതായിരുന്നു എല്ലാവർക്കും സഹായം ചെയ്തും ജോലിചെയ്തും ജീവിച്ചിരുന്നു പക്ഷേ അദ്ദേഹം ഒരു കള്ളനായിരുന്നു.യഥാർത്ഥത്തിൽ അയാൾ ഒരു വീട്ടിൽ പണവും സ്വർണ്ണവും  വൈട്ടൂര്യവും ഒളിപ്പിച്ചിരുന്നു.ആ നാട്ടിലെ രാജാവ് ആ വൃദ്ധനെ പിടികൂടാൻ ശ്രമിച്ചു.പക്ഷേ അദ്ദേഹം രക്ഷപ്പെട്ടു വന്നതാണ് കെയ്റോ നഗരത്തിൽ. അയാൾ കെയ്റോ നഗരത്തിൽ ഒളിച്ചിരിക്കുന്നു എന്ന് ആ നാട്ടിലെ രാജാവിന് ഒരു വിവരം കിട്ടി.ഒടുക്കം അയാളെ പിടികൂടി ഇരുപത് വർഷം തടവ് ശിക്ഷ നൽകുകയും ചെയ്തു

ഫെബിൻ

കവിത

## മഴയും മുത്തശ്ശിയും

തണുതണുത്തൊരു മഴയത്ത്
കൂനിപ്പോയൊരു മുത്തശ്ശി
വടിയിടിച്ചു നടക്കുന്നു
മഴ നനഞ്ഞു നടക്കുന്നു
മഴ നനഞ്ഞു തണുത്തിട്ടും
നടനടീന്നൊരു മുത്തശ്ശി
ഇടിയും മിന്നലും വന്നപ്പോൾ
പേടച്ചങ്ങു വിറച്ചിട്ടും
ആലിപ്പഴങ്ങൾ വീണപ്പോൾ
വേഗം ചെന്നങ്ങെടുത്തല്ലോ....

-ആദിത്യൻ.എ

## മൊഴിമുത്തുകൾ

1."നമുക്ക് എന്തറിയാം എന്നതല്ല.എന്തറിഞ്ഞു കൂടാ എന്നതാണ് യഥാർത്ഥ അറിവ്".

-ഹെന്റി ഡേവിഡ് തോറ

2."ഉയർച്ചകളിലേക്കുള്ള ഏണിപ്പടി പഠനം മാത്രമാണ് ".

-ജോൺ വെല്ലസ്സി

3. "ശത്രുവിനെ പോലും സുഹൃത്താക്കി മാറ്റാനുള്ള ശക്തി സ്നേഹത്തിന് മാത്രമേയുള്ളൂ".

-മാർട്ടിൻ ലൂഥർ കിംഗ്

4."ശ്രമത്തിലാണ് ഫലപ്രാപ്തിയിലല്ല സംതൃപ്തി ഉളവാക്കുന്നത് സമ്പൂർണ്ണ വിജയമാകുന്നത്".

-മാഹാത്മാഗാന്ധി

5."ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം"

-എ.പി.ജെ.അബ്ദുൽകലാം